തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള സർക്കാരിന് തന്നെയാണെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള നിയമസഭ പ്രമേയവും പാസ്സാക്കിയിട്ടുണ്ട്.

(ബി) നദീജല സംയോജന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികളോട് സംസ്ഥാനത്തിന് യോജിപ്പില്ലെന്ന കാര്യം ദേശീയ ജല വികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സാദ്ധ്യമായ വേദികളിലെല്ലാം സംസ്ഥാന സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പമ്പ-അച്ചൻകോവിൽ- വൈപ്പാർ ലിങ്ക് പദ്ധതിയെ മുൻഗണനാ ലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിന് NWDA നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീജല സംയോജന പദ്ധതികൾ സംബന്ധിച്ചുള്ള തുടർ നടപടികൾ ആരംഭിക്കുകയില്ലെന്നുള്ള നിലപാടാണ് NWDA സ്വീകരിച്ചിരുന്നത്. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് സാദ്ധ്യമായ വേദികളിലെല്ലാംതന്നെ ഇനിയും വ്യക്തമാക്കാൻ കഴിയുന്നതാണ്.

കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം

63 (7622) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച 3-6-2014-ലെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള കാവേരി നദീജല നിയന്ത്രണ സമിതി, കാവേരി മാനേജ്മെന്റ് ബോർഡ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച വിഷയങ്ങളിൽ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച നിലപാട് പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിവേദനത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയാക്കി ഉയർത്താനുള്ള സുപ്രീം കോടതിയുടെ 7-5-2014-ലെ ഉത്തരവ് നടപ്പാക്കുന്നതു സംബന്ധിച്ച മേൽനോട്ട സമിതിയിൽ കേന്ദ്ര ജലക്കമ്മീഷനിൽ നിന്നുള്ള അംഗത്തെ നാമനിർദ്ദേശം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ചുള്ള അഭിപ്രായമെന്താണ് ; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെയും പ്രധാന മന്ത്രിയെയും അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) നെയ്യാർ ഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാട് സർക്കാരിന്റെ വാദം അംഗീകരിച്ചിട്ടുണ്ടോ ; സംസ്ഥാനത്തുകൂടെ മാത്രമൊഴുകുന്ന നെയ്യാറിലെ വെള്ളം വിട്ടുനൽകണമെന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള നിലപാടുകൾ എന്തൊക്കെയാണ് ; ഇതു സംബന്ധിച്ച് സംസ്ഥാനം എടുത്തിട്ടുള്ള നിലപാടുകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ചതായി പറയുന്ന 3-6-2014-ലെ നിവേദനത്തിലെ വിശദാംശങ്ങൾ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. കാവേരി മാനേജ്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് കേരളം ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമവിധിക്കെതിരെ സംസ്ഥാനങ്ങൾ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സിവിൽ അപ്പീലുകളിൽ അന്തിമ തീർപ്പ് ഉണ്ടാകുന്നതുവരെ തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പ് ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 7-5-2014-ലെ വിധിന്യായത്തിൽത്തന്നെ മേൽനോട്ട സമിതിയുടെ ചെയർമാനായി കേന്ദ്ര ജല കമ്മീഷന്റെ പ്രതിനിധിയെ നിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ പ്രത്യേകമായി അഭിപ്രായം അറിയിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(സി) നെയ്യാർഡാമിലെ വെള്ളം വിട്ടുനൽകണമെന്ന തമിഴ്നാടിന്റെ വാദം കേരള സർക്കാർ അംഗീകരിച്ചിട്ടില്ല. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം നെയ്യാറിൽനിന്നും നൽകുന്ന ജലത്തിന് വില ഈടാക്കിക്കൊണ്ടും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടുകൊണ്ടും മാത്രമേ തമിഴ്നാടിന് നെയ്യാറിൽനിന്നും ജലം നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിലെ നിർദ്ദേശങ്ങളും ബാധകമാക്കേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള സർക്കാർ നിലപാട് 17-11-2005-ലെ 23723/ISWC2/2005/WRD കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി

64 (7623) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് മുഖ്യമന്ത്രി 3-6-2014-ൽ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ പറയുന്ന പമ്പ, അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് ; പ്രസ്തുത നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) നദീസംയോജനം സംബന്ധിച്ച് സുപ്രീം കോടതിയിൽ ഉണ്ടായിരുന്ന പൊതുതാൽപ്പര്യ ഹർജിയിൽ എന്ത് ഉത്തരവാണ് സുപ്രീം കോടതി നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly